LIBRARY ARCHIVES Kerala Legislative Assembly

സ്കൂൾ മേഖലകളിൽ റോഡ് സുരക്ഷ

219 (5304) ശ്രീ. എ. റ്റി. ജോർജ് ;
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ മേഖലകൾ തെരഞ്ഞെടുത്ത് റോഡ് സുരക്ഷ കാര്യക്ഷമമാക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്കൂൾ മേഖലകളിലെ അപകടങ്ങൾ ഒഴിവാക്കി കുട്ടികളുടെ സുരക്ഷ പരമാവധി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യമാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) പൊതുമരാമത്ത് വകുപ്പ്, സ്കൂൾ മേഖല നവീകരിക്കുന്നതിനായി ആദ്യഘട്ടം എന്ന നിലയിൽ 40 സ്കൂൾ മേഖലകൾ അപകട വിമുക്തമാക്കുന്നതിനായി 1.6 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ, ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച് 360 സ്കൂൾ മേഖലകൾ നവീകരിക്കുന്നതിനായി 14.4 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് റോഡ് സുരക്ഷാ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതാണ്.

ഗ്രീൻ ബിൽഡിംഗ് പോളിസി നടപ്പാക്കാൻ നടപടി

220 (5305) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രീൻ ബിൽഡിംഗ് പോളിസി നടപ്പാക്കുന്ന കാര്യത്തിൽ തീരുമാനം വ്യക്തമാക്കുമോ ;

(ബി) ഗ്രീൻ ബിൽഡിംഗ് പോളിസി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സ്വകാര്യ മേഖലയിൽകൂടി ഈ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 7-3-2013-ലെ സ.ഉ.(എംഎസ്.)നമ്പർ 28/2013/പൊ.മ.വ. പ്രകാരം ഹരിത നിർമ്മാണ നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. നിർമ്മാണരംഗം പരിസ്ഥിതി സൗഹൃദമാക്കുന്നതിനായി സൗരോർജ്ജത്തിന്റെ പരമാവധി ഉപയോഗം, മഴവെള്ള സംഭരണം, പ്രകൃതിജന്യ നിർമ്മാണ സാമഗ്രികളുടെ ഉപയോഗം, മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള നിർമ്മാണരീതികൾ അവലംബിക്കുകയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) പൊതുമരാമത്ത് വകുപ്പ് 2014 മാർച്ച് മുതൽ തയ്യാറാക്കുന്ന എല്ലാ രൂപകല്പനകളും ഹരിത നിർമ്മാണ തത്വങ്ങൾക്കനുസൃതമായാണ് ചെയ്യുന്നത്. അതനുസരിച്ച് ഗ്രഹയുടെ (GRIHA- Green Rating of Integrated Habitat Assessment) 3 സ്റ്റാർ പദവി ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടങ്ങൾ രൂപകല്പന ചെയ്യുന്നത്. സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകളുടെ ടൈപ്പ് ഡിസൈനും ഹരിത നിർമ്മാണ തത്വങ്ങൾക്കനുസൃതമായാണ് ചെയ്തിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പിലെ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും ഈ സാങ്കേതികവിദ്യയിൽ അവഗാഹം നേടുവാനായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുകഴിഞ്ഞു.

(സി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ സംസ്ഥാനത്തെ കെട്ടിടങ്ങളിൽ മഴവെള്ള സംഭരണ സംവിധാനം സൗരോർജ്ജത്തെ അടിസ്ഥാനമാക്കി വെള്ളം ചൂടാക്കുന്നതിനും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സംവിധാനം സ്ഥാപിക്കുന്നതിനെക്കുറിച്ചും വൈകല്യം ബാധിച്ചവർക്ക് ഏർപ്പെടുത്തേണ്ട സംവിധാനങ്ങളെക്കുറിച്ചും നിഷ്കർഷിച്ചിട്ടുണ്ട്.

ചേലക്കര മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. കെട്ടിടങ്ങളുടെ നിർമ്മാണം

221 (5306) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിൽ പി.ഡബ്ല്യു.ഡി. നിർമ്മാണം ആരംഭിച്ചതിന് ശേഷം പണി മുടങ്ങിക്കിടക്കുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഓരോ കെട്ടിടത്തിന്റെയും നിർമ്മാണം എന്നാണ് ആരംഭിച്ചതെന്നും എത്ര തുകയ്ക്കാണ് ടെണ്ടറുകൾ അംഗീകരിച്ചിട്ടുള്ളതെന്നും പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly